## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 955 04.03.2020-ൽ മറുപടിയ്ക്ക്**

### എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നവീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| --- | --- |
| (എ) എക്സൈസ് വകുപ്പിലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് ഏത് വർഷമാണ്; | (എ) എക്സൈസ് വകുപ്പിലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് 1968 ൽ ആണ്. |
| (ബി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം ഭീതിജനകമായ രീതിയിൽ വർദ്ധിക്കുകയും കേസുകളുടെ എണ്ണം പതിന്മടങ്ങ് കൂടുകയും ചെയ്തിട്ടും എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നവീകരിക്കുന്നതിനും അംഗബലം കൂട്ടുന്നതിനും നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ; | (ബി) കാലോചിതമായി പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിച്ച് കൂടുതലായി ജീവനക്കാരെ വകുപ്പിൽ നിയമിച്ചു വരുന്നുണ്ട്. |
| (സി) എക്സൈസ് വകുപ്പിൽ പുതുതായി രൂപീകരിച്ച ക്രൈംബ്രാഞ്ച് വിഭാഗത്തിൽ നിലവിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; | (സി) എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിൽ നിലവിൽ 13 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത തസ്തികകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പര്യാപ്തമാണോ; അല്ലെങ്കിൽ കൂടുതൽ തസ്തികകൾ ഈ വിഭാഗത്തിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**